
## ആദിച്ചനല്ലൂർ പഞ്ചായത്ത് ഹയർസെക്കന്ററി സ്കൂൾ

## വെളിച്ചിക്കാല പി.ഒ, ആദിച്ചനല്ലൂർ

# കളിയോടം



എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ

ജി.സെബാസ്റ്റ്യൻ

മാഗസിൻ എഡിറ്റർ

നവനീത്

അംഗങ്ങൾ

ശ്രീറാം എം .ആർ

അഭിനന്ദ്

ധന്യ ജയകുമാർ

കാർത്തിക രതീഷ്

തൗഫീക്ക്

ആൽബിൻ അലക്സ്

സിദ്ധാർത്ഥ്

ഷെഹിനാദ്

കൈറ്റ്മാസ്റ്റേഴ്സ്

. കാർത്തിക്ക്.എസ്

.സജിത . എസ്

# സന്ദേശം

വരയും വരിയും വസന്തം വിരിയിക്കുന്ന സർഗ്ഗശേഷിയുടെ ലോകത്തേക്ക് ഒരു കാൽ വെയ്പ്പാകാൻ ഈ പുസ്തകത്തിന്റെ പിന്നിൽ പ്രവർത്തിച്ച ചെറുകരങ്ങൾക്കാകട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം

ജി സെബാസ്റ്റ്യൻ
പ്രഥമാദ്ധ്യാപകൻ

# ആമുഖം

പ്രിയരെ,

ചിരിയും ചിന്തയും കളിയും കാര്യവും കൂട്ടിയിണക്കി ഞങ്ങളുടെ കൂട്ടുകാർ നെയ്തെടുത്ത കൊച്ചു വാക്കുകളിൽ വലിയ കൗതുകം കോർത്തിണക്കിയ ഈ കുഞ്ഞു പുസ്തകം നിങ്ങൾക്കായി സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

നവനീത് വി

സ്റ്റുഡന്റ് എഡിറ്റർ

# മഴ

കാർത്തിക രതീഷ്. ആർ
8. എ

മഴ മഴ മഴ മഴ
തോരാതെ പെയ്യുന്ന മഴ
തുള്ളിത്തുള്ളുന്ന മഴ
മഴ മഴ മഴ മഴ

മഴ മഴ മഴ മഴ
കാണുമ്പോൾ കാണുന്ന മഴ
കാണാതെ കാണുന്ന മഴ


മഴ മഴ മഴ മഴ
മിന്നി കളിക്കുന്ന മഴ
പെയ്യാതെ പെയ്യുന്ന മഴ
മഴ മഴ മഴ മഴ

മഴ മഴ മഴ മഴ
എന്തു രസമാണി മഴ
മഞ്ഞുപോലൊരു മഴ
മഴ മഴ മഴ മഴ

# ആനച്ചന്തം!

തൗഫീക്ക് റ്റി
10. എ

**ആനവരുന്നത് കണ്ടോ**
**കൊമ്പു വെളുത്തിട്ടാണോ**
**തുമ്പിക്കൈയതു കണ്ടോ**
**നിലത്തു മുട്ടുന്നുണ്ടേ**
**ഉടലൊരു മലയാണല്ലോ**
**കട്ടുകകൾ പോലെ കണ്ണ്**
**വാലൊരു ചൂലാണല്ലോ**
***ആനചന്തംകൊള്ളാം!***



# കളിപാവ!

*തൗഫീക്ക്: റ്റി*
*10.എ*

പൊന്നുണ്ണിക്ക് കളിക്കാനായി
പൊന്നൻ വാങ്ങി കളിപ്പാവ
ഓട്ടും പാവ ചിരിക്കും പാവ
*ബാറ്ററി തീർന്നാലയ്യയ്യോ*
*ചത്തതിനൊത്തു കിടക്കും പാവ!*

# *L I F E*

*രാജ്മോഹൻ ബി*
*എച്ച്. എസ്. റ്റി*

*Life is a gift we should accept it*

*Life is a duty we should perform it*

*Life is a love we should enjoy it*

*Life is an opportunity we should take it*

*Life is a tragedy we should face it*

*Life is a journey we should complete it*

*Life is an adventure we should dare it*

*Life is a challenge we should meet it*

# കടങ്കഥകൾ

അൽഫിയമോൾ എസ്
8. എ

* കാട്ടിലെ കുട്ടനെ വായിൽ വെച്ച് ഊതിയപ്പോൾ കരയുന്ന

>  ഓടക്കുഴൽ

* കാലുണ്ട് അരയുണ്ട് കാലിലാണേൽ പാദമില്ല

> പാന്റ്

* കറുത്ത കാളയെകുളിപ്പിക്കുമ്പോൾ വെള്ളക്കാളയായി

> ഉഴുന്ന്

*കഴുത്തറക്കുമ്പോൾ കണ്ണു് കാണും

> തോക്ക്

* കുറ്റിക്കാട്ടിൽ കരടി കുട്ടി

> പേൻ

# കുസൃതി ചോദ്യങ്ങൾ

ശ്രീറാം എം ആർ

9.എ

1. എട്ട് എട്ടുകൊണ്ട് ആയിരം ആക്കാമോ ?

   888+88+8+8+8=1000

2. ഒന്നിനും നൂറിനും ഇടയിൽ എത്ര തവണ കുറയ്ക്കാം ?

   20

3. 9 ൽ നിന്ന് ഒന്ന് പോയാൽ എങ്ങനെ പത്താക്കാം!

   1x=x=10

4. play+8=

   Plate

5. Phy+6

   Physics

# മുത്തശ്ശി ഭൂതവും കൊച്ചുഭൂതവും

ഷിബിന എസ്

8. എ

പണ്ട് പണ്ട് വലിയൊരു മലയുടെ മുകളിലുള്ള ഒരു ഗുഹയിൽ ഒരു മുത്തശ്ശി ഭൂതവും കൊച്ചുഭൂതവും പാർത്തിരുന്നു. മുത്തശ്ശിഭൂതത്തിന് കണ്ണും കാണില്ല ചെവിയും കേൾക്കില്ല. മറ്റുള്ളവർ അതറിയുന്നത് വലിയ കുറച്ചിലാണെതാനും! കൊച്ചുഭൂതത്തിനു കണ്ണും കാണാം ചെവിയും കേൾക്കാം പക്ഷേ, എന്തു കാര്യം? മരമണ്ടനാണ് കൊച്ചുഭൂതം.

ഒരു ദിവസം കൊച്ചുഭൂതം ഹാർപ്പ എന്ന കമ്പിളിപ്പുതപ്പ് വിൽപ്പനക്കാരെയും എടുത്ത് ഗുഹയിലേക്ക് ഒറ്റ ഓട്ടം! പാവം ഹാർപ്പ അവൻ പേടിച്ച് വിറച്ചിരുന്നു. ഹാർപ്പയെ കൊച്ചുഭൂതം മുത്തശ്ശിഭൂതത്തിനടുത്ത് ഏൽപ്പിച്ചു

"ഇവിടുന്ന് രക്ഷപ്പെടാൻ നോക്കിയാൽ കടിച്ചു കീറിക്കളയും ഞാൻ!" മുത്തശ്ശിഭൂതം അലറി.

അൽപ്പസമയം കഴിഞ്ഞപ്പോൾ തന്നെ മുത്തശ്ശിഭൂതത്തിന് ചെവികേൾക്കാനും കണ്ണുകാണാനും കഴിയില്ലെന്ന് ഹാർപ്പ-

യ് ക്ക് മനസിലായിയ. പക്ഷേ രക്ഷപെട്ടാൽ കൊച്ചുഭൂതം വന്ന് വീണ്ടും പിടികൂടിയാലോ? ഹാർപ്പ പതുക്കെ ഗുഹയ്ക്കുള്ളിലെപാ-റയിൽ പിടിച്ചുകയറി മുത്തശ്ശിഭൂതത്തിന്റെ ചെവിക്കടുത്ത് ചെന്ന് ഉറക്കെ സംസാരിക്കാൻ തുടങ്ങി.

"വലിയൊരു വ്യാളി ഭൂതം നാട്ടിലിറങ്ങിയിട്ടുണ്ട്. അത് തീതുപ്പും! ഈ മലയ്ക്കുതാഴെ അവനെത്തിയിട്ടുണ്ട്.അവനെ പേടിച്ചാ ഞാൻ ഇങ്ങോട്ട് ഓടിവന്നത്....."

മുത്തശ്ശിഭൂതം പൊട്ടിചിരിച്ചു പറഞ്ഞു "നീയെന്നെ പറ്റിക്കനൊ-ന്നും നോക്കേണ്ട" ഹാർപ്പ പതുക്കെ ഗുഹയുടെ പുറത്തിറങ്ങി. വഴിയിലുള്ള ഒരു മരത്തിൽ കുറേ കമ്പിളിപുതപ്പ് ചുറ്റിവച്ചു. എന്നിട്ടതിന് തീ കൊടുത്തു.

"ദേ, നമ്മുടെ ഗുഹയുടെ പുറത്ത് വ്യാളിഭൂതം വന്നിട്ട് പോയി. ഒന്നൂതിയപ്പോൾ ഒരു മരം കത്തിപ്പോയി"

തിരികെ ഗുഹയിൽ ചെന്ന് ഹാർപ്പ മുത്തശ്ശി ഭൂതത്തോടെ തട്ടിവിട്ടു. മുത്തശ്ശിഭൂതം ഗുഹയുടെ വാതിലിൽ വരെ തപ്പിത-ടഞ്ഞു ചെന്നു. ശരിയാണ് തീ കത്തുന്നതിന്റെ ചൂടടിക്കുന്നുണ്ട്. മുത്തശ്ശിഭൂതത്തിന് അൽപം പേടിയൊക്കെ തോന്നിതുടങ്ങി. വൈകുന്നേരമായപ്പോൾ കൊച്ചുഭൂതം തിരികെ വന്നു.മുത്തശ്ശി ഭൂതം നടന്ന കാര്യം മുഴുവൻ കൊച്ചുഭൂതത്തോട് പറഞ്ഞു. കാര്യം കേട്ട കൊച്ചുഭൂതം പേടിച്ചു." തീതുപ്പും വ്യാളി ഭൂതത്തെ

ഓടിക്കാനെന്താണ് വഴി?”

കൊച്ചുഭൂതം ആരോടെന്നില്ലാതെ ചോദിച്ചു.

“വഴിയുണ്ട്. പേടിച്ചാൽ ആ നിമിഷം വ്യാളി ഭൂതത്തിന് തന്റെ ശക്തിനഷ്ടമാകും. നിങ്ങൾ കമ്പിളിപ്പുതപ്പ്കൊണ്ട് മേലാസ-കലം പൊതിയണം രണ്ട് കമ്പിളി ഭാണ്ഡങ്ങളാണെന്നേ തോന്നവൂ. വ്യാളിഭൂതം അടുത്തെത്തുമ്പോൾ പെട്ടന്ന് എഴുനേൽക്കണം. അതോടെ അവൻ ഭയക്കും.”ഹാർപ്പി തട്ടി വിട്ടു. മണ്ടൻ ഭൂതം അത് വിശ്വസിച്ചു. ഹാർപ്പ വേഗം മുത്തശ്ശി ഭൂതത്തെയും കൊച്ചുഭൂതത്തെയും കമ്പിളിപ്പുതപ്പിൽ നന്നായി വിരിഞ്ഞുകെട്ടി "വ്യാളി വരുന്ന വഴിയിലേക്ക് ഞാൻ നിങ്ങളെ രണ്ടു പേരേയും ഉരട്ടിവിടാം.അവന്റെ കാലിൽ ചെന്നിടിക്കു-മ്പോൾ ഭാണ്ഡത്തിൽ നിന്ന് പുറത്തുവന്നാൽ മതി.”ഹാർപ്പ പറഞ്ഞു ഭൂതങ്ങൾ അത് സമ്മതിച്ചു. ഹാർപ്പ രണ്ട് കമ്പിളിക്കെ-ട്ടും മലയുടെ മുകളിൽ കൊണ്ടുപോയി മറുവശത്തേക്ക് ഉരുട്ടി വിട്ടു. “ പ്ധോം ......”

കമ്പിളി ഭാണ്ഡത്തിൽ പൊതിഞ്ഞ മുത്തശ്ശിഭൂതവും കൊച്ചുഭൂ-തവും താഴെയുള്ള ഒരു പാറയിൽ ഇടിച്ചുനിന്നു. “ഇതുതന്നെ വ്യാളിഭൂതം അവനെപേടിക്കാം.” കൊച്ചുഭൂതം പറഞ്ഞു.അന്നിട്ട് ഭാണ്ഡംമുറിച്ച് ചാടിയെഴുനേറ്റു പക്ഷേ അതൊരു കുഴിയായിരു-ന്നു.അവർ അതിലേക്ക് വീണു. അവർക്ക് അതിൽ നിന്ന് കയ-

റാൻ കഴിഞ്ഞില്ല. അന്നു മുതൽ മുത്തശ്ശിഭൂതവും കൊച്ചുഭൂതവും താഴ് വരയിലെ ആ കുഴിയിൽ താമസം തുടങ്ങി.

ഇന്നു ചെമ്മിരിയാടുകൾ കുഴിയിൽ വീഴുന്നത് ഭൂതങ്ങൾ വലിചിടുന്നത് കൊണ്ടാണെന്നാണ് ആ സ്ഥലങ്ങളിൽ താമസിക്കു "വലിയൊരു വ്യാളി ഭൂതം നാട്ടിലിറങ്ങിയിട്ടുണ്ട്. അത് തീതുപ്പും! ഈ മലയ്ക്കുതാഴെ അവനെത്തിയിട്ടുണ്ട്.അവനെ പേടിച്ചാ ഞാൻ ഇങ്ങോട്ട് ഓടിവന്നത്....."

മുത്തശ്ശിഭൂതം പൊട്ടിചിരിച്ച പറഞ്ഞു "നീയെന്നെ പറ്റിക്കനൊന്നും നോക്കേണ്ട" ഹാർപ്പ പതുക്കെ ഗുഹയുടെ പുറത്തിറങ്ങി. വഴിയിലുള്ള ഒരു മരത്തിൽ കുറേ കമ്പിളിപുതപ്പ് ചുറ്റിവച്ചു. എന്നിട്ടതിന് തീ കൊടുത്തു.

"ദേ, നമ്മുടെ ഗുഹയുടെ പുറത്ത് വ്യാളിഭൂതം വന്നിട്ട് പോയി. ഒന്നൂതിയപ്പോൾ ഒരു മരം കത്തിപ്പോയി" തിരികെ ഗുഹയിൽ ചെന്ന് ഹാർപ്പ മുത്തശ്ശി ഭൂതത്തോടെ തട്ടിവിട്ടു. മുത്തശ്ശിഭൂതം ഗുഹയുടെ വാതിലിൽ വരെ തപ്പിതടഞ്ഞു ചെന്നു. ശരിയാണ് തീ കത്തുന്നതിന്റെ ചൂടടിക്കുന്നുണ്ട്. മുത്തശ്ശിഭൂതത്തിന് അൽപ്പം പേടിയൊക്കെ തോന്നിതുടങ്ങി. വൈകുന്നേരമായപ്പോൾ കൊച്ചുഭൂതം തിരികെ വന്നു.മുത്തശ്ശി ഭൂതം നടന്ന കാര്യം മുഴുവൻ കൊച്ചുഭൂതത്തോട് പറഞ്ഞു.

കാര്യം കേട്ട കൊച്ചുഭൂതം പേടിച്ചു.''തീരുപ്പും വ്യാളി ഭൂതത്തെ ഓടിക്കാനെന്താണ് വഴി?”

കൊച്ചുഭൂതം ആരോടെന്നില്ലാതെ ചോദിച്ചു.

“വഴിയുണ്ട്. പേടിച്ചാൽ ആ നിമിഷം വ്യാളി ഭൂതത്തിന് തന്റെ ശക്തിനഷ്ട്മാകും. നിങ്ങൾ കമ്പിളിപ്പുതപ്കൊണ്ട് മേലാസ-കലം പൊതിയണം രണ്ട് കമ്പിളി ഭാണ്ഡങ്ങളാണെന്നേന്ന ആളുകൾ വിശ്വസിക്കുന്നത്.



ധന്യ ജയകുമാർ 8. എ



,ഷെറിൻ എസ്

8. എ




*സിദ്ധാർത്ഥ്. എസ്*

*10. എ*


# യാത്രാവിവരണം

മുഹമ്മദ് യാസീൻ എം
10.എ

ഞങ്ങൾ പത്താം  ക്ലാസ്സിൽ വച്ച പോയ യാത്രാനുഭവം എന്റെ ജീവിതത്തിന്റെ ഒരു പുത്തൻ ഉണർവിന്റെ യാത്രയായിരുന്നു. ഞങ്ങൾ ടൂറിനു പോയതിൽ വച്ച് ഏറ്റവും മനോഹരമായ ടൂറായിരുന്നു.കൂടുതൽ ഉല്ലസിക്കാൻ പറ്റിയത് ബസ്സിലും,മൂന്നാർ ഹിൽ സ്റ്റേഷനിലുമാണ്. പിന്നെ ഇതിലും കൂടുതൽ ഉല്ലസി-ക്കാൻ  പറ്റിയത് wouderla-യിൽ കുറച്ച് റൈഡു-കളിൽ കയറുയതാണ്. 10-ാം ക്ലാസ്സിലെ കുട്ടികൾ എല്ലാവരും ഉണ്ടായിരുന്നു. അതിനോടൊപ്പം തന്നെ ഞങ്ങൾ ഹൃദയം കൊണ്ട് സ്നേഹിക്കുന്ന അദ്യാപകരും പിന്നെ ഞങ്ങൾ എല്ലാവരേയും മനസ്സ് കൊണ്ട് സ്നേ-ഹിക്കുന്ന ഞങ്ങളുടെ പ്രഥമ അദ്യാപകനായ ജി. സെബാസ്റ്റ്യൻ സാറും ഞങ്ങളോടൊപ്പം കളിച്ചും ചിരി-ച്ചും  ഉത്സാഹിപ്പിക്കുകയും ചെയ്തു. എന്റെ ജീവിതത്തി-

ലെ ഒരിക്കലും മറക്കാനാവാത്ത ഒരു സ്കൂൾ

ടൂറായിരുന്നു.




ആൽബിൻ അലക്സ്
10. ബി

# പൂമരം

**അൽവിൻ എ**
**8 എ**

ഇനിയൊരു  കാലത്തേയ്ക്കൊരു
പൂ വിടർത്തുവാൻ ഇവിടെ ഞാൻ
ഈ മരം നട്ടു

എന്നും നമുക്ക് ശ്യാസവും,ജീവനും
ഏകുവാൻ ഇവിടെ ഞാൻ ഈ
മരം നട്ടു
എന്നും ഈ പൂക്കൾ തൻ
സുഗന്ധവും ഭംഗിയും ഏകുവാൻ
ഇവിടെ ഞാൻ ഈ മരം നട്ടു

പുതുയൊരു ജീവൻ തൻ മുത്തും,
പവിഴവും പൊഴിക്കുവാൻ ഇവിടെ
ഞാൻ ഈ മരം നട്ടു
പാറും വണ്ടുകൾക്ക് മധുരവും മണവും
നകരുവാൻ ഇവിടെ ഞാൻ ഈ മരം നട്ടു.

# കുരുവികളെ കുരുന്നുകളെ

സിന്ദൂരം കുരുവികളെ
ശിങ്കാര കുരുന്നുകളെ
പഞ്ചാര പ്പാട്ടുതീരും, മര-
ക്കൊമ്പത്തു വന്നിരിക്കൂ.

{സിന്ദൂരം.....}

ഏതോ പഴങ്കതയിൽ സ്വയം
രാജാവും രാണിയുമായി
വാഴിന്ന തോഴരിവർ, നിന്നെ
കാണാൻ കൊതിച്ചിടുമ്പോൾ
സഞ്ചാരിക്കുരുവികളെ നിങ്ങൾ
ചാരത്തു വന്നിരിക്കൂ.

{സിന്ദൂര....}

മായം മനോരഥത്തിൽ ഞങ്ങൾ
പാറി പ്പറന്നീടുമ്പോൾ
പീത്താലി കോർത്തെടുക്കാം,
മലർത്തോപ്പിൽ വിരുന്നു വരൂ. {സിന്ദൂര....}

അക്ഷരങ്ങളുടെ ലോകം ഇവിടെ അവസാനിക്കുന്നില്ല. അതിനാൽ ഇനിയും കുറിക്കപ്പെടാൻ ഉള്ള വരികൾ ക്കും വരകൾക്കുമായി ഈ പുറം ഒഴിച്ചിടുന്നു...... .................................

നന്ദി